ഭരണഭാഷ – മാതൃഭാഷ

നം.TRY/821/2020-F2

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 25/05/2020

പ്രേഷകൻ

ട്രഷറി ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

ജില്ലാ ട്രഷറി ഓഫീസർ,
ഇരിഞ്ഞാലക്കട.

സർ,

വിഷയം: പ്ലെഡ്ജ് ചെയ്ത സ്ഥിരനിക്ഷേപം മുൻകാലപ്രാബല്യത്തോടെ പുതുക്കുന്നത് – സംബന്ധിച്ച്.

സൂചന: 1 താങ്കളുടെ 19.02.2020 ലെ ബി3/261/2020 നമ്പർ കത്ത്.

2 സ.ഉ.(പി) നം 15/2007/ധന, തിയതി 11.01.2007

സൂചന ശ്രദ്ധിക്കുക. ക്രെഡിറ്റ് ആൻഡ് ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ് എന്ന സ്ഥാപനം മുകുന്ദപുരം സബ് ട്രഷറിയിൽ നിക്ഷേപിച്ചതും ഇരിഞ്ഞാലക്കട ഇൻസ്പെക്ടിങ് അസിസ്റ്റന്റ് കമ്മീഷണർക്ക് ഈട് നൽകിയതുമായി ₹200,000/- രൂപയുടെ സ്ഥിരനിക്ഷേപം 15.12.2015-ന് കാലാവധി പൂർത്തിയാക്കിയതും 16.01.2020-ന റിലീസ് നോട്ടീസ് നല്കിയിട്ടുള്ളതാണെന്നും, കാലാവധി പൂർത്തിയായ തീയതി വച്ച് നിക്ഷേപം പുതുക്കി നൽകണമെന്നും മേൽ സ്ഥാപനം അപേക്ഷിച്ചിട്ടുള്ളതായും സൂചന (1) പ്രകാരം അറിയിച്ചിരുന്നു.

സൂചന (2) ഉത്തരവ് പ്രകാരം പ്ലെഡ്ജ് ചെയ്ത സ്ഥിരനിക്ഷേപത്തിനു കാലാവധി പൂർത്തിയായതു മുതൽ റിലീസ് നോട്ടീസ് ലഭ്യമാകുന്നതു വരെയുള്ള കാലയളവിൽ സേവിങ്സ് ബാങ്ക് പലിശ നിരക്കിൽ മാത്രമേ പലിശക്ക് അർഹതയുള്ളൂ.ആയതിനാൽ തന്നെ പ്ലെഡ്ജ്ഡ് സ്ഥിരനിക്ഷേപങ്ങൾ കാലാവധി പൂർത്തിയാകുന്ന തീയതി മുതൽ പുതുക്കി നൽകുവാൻ സാധിക്കുന്നതല്ലാ എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

Signature Not Verified
Digitally signed by JAFAR A M
Date: 2020.05.26 13:18:56 IST
Reason: Approved

JAFAR
DIRECTOR

പകർപ്പ്: സബ് ട്രഷറി ഓഫീസർ, മുകുന്ദപുരം

അംഗീകാരത്തോടുകൂടി

സീനിയർ സൂപ്രണ്ട്

---

Directorate of Treasuries, Krishna buildings, Thycaud.P.O, Thiruvananthapuram, Kerala 695014
www.treasury.kerala.gov.in, Email:keralatreasury@gmail.com
Ph: 0471-2323963,2322712 , FAX:0471-2324229